**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 374** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>അഴിമതി നിർമ്മാർജ്ജനത്തിനുള്ള സമഗ്ര കർമ്മ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. നജീബ് കാന്തപുരം

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** സർക്കാർ ഓഫീസുകളിൽ ഉൾപ്പെടെയുള്ള അഴിമതി പൂർണ്ണമായും ഇല്ലായ്മ ചെയ്യാനുള്ള സമഗ്ര കർമ്മ പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** അഴിമതി വിമുക്ത കേരളം യാഥാർത്ഥ്യമാക്കുന്നതിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സർക്കാർ വകുപ്പുകൾക്ക് മേൽ എ. ഐ. നിരീക്ഷണം ഏർപ്പെടുത്തി അഴിമതി ഇല്ലാതാക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതിയായ "പ്രോജക്ട് സീറോ" 26.05.2026 തീയതിയിൽ ഉദ്ഘാടനം ചെയ്യപ്പെട്ടിട്ടുള്ളതാണ്. പ്രധാനമായും പ്രോ-ആക്റ്റീവ് വിജിലൻസ്, പ്രിവന്റീവ് വിജിലൻസ്, ഡിജിറ്റൽ വിജിലൻസ്, പാർട്ടിസിപ്പേറ്റീവ് വിജിലൻസ് എന്നീ നാല് മേഖലകളെ കേന്ദ്രീകരിച്ചാണ് ഈ പദ്ധതി നടപ്പാക്കാൻ ലക്ഷ്യം വയ്ക്കുന്നത്. പ്രോ-ആക്റ്റീവ് വിജിലൻസിന്റെ ഭാഗമായി അഴിമതി കണ്ടെത്താനും, തടയാനുമായി കൂടുതൽ ട്രാപ്പ് കേസുകൾ രജിസ്റ്റർ ചെയ്യുകയും, സംസ്ഥാനവ്യാപകമായി മിന്നൽ പരിശോധനകൾ നടത്തുകയും, വിജിലൻസ് കേസുകളുടെ അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്യുവാനും VACB യുടെ അന്വേഷണ നടപടിക്രമങ്ങൾ ആധുനികവൽക്കരിക്കുകയും, ഡിജിറ്റലൈസ് ചെയ്യുന്നതിനുമായി "വിജിലൻസ് കേസ് ആൻഡ് എൻക്വയറി മാനേജ്മെന്റ് സിസ്റ്റം (VCEMS)" നടപ്പിലാക്കുവാനും അന്വേഷണങ്ങളിൽ കൂടുതൽ സുതാര്യത, ഉത്തരവാദിത്വം, മേൽനോട്ടം, കാര്യക്ഷമത, കേസുകളുടെ വേഗത്തിലുള്ള തീർപ്പാക്കൽ എന്നിവ മെച്ചപ്പെടുത്തുക എന്നതുമാണ് ഈ സംവിധാനത്തിന്റെ ലക്ഷ്യം.

പ്രിവന്റീവ് വിജിലൻസിന്റെ ഭാഗമായി, അഴിമതി നടന്നതിന് ശേഷം ഇടപെടുന്നതിന് പകരം അഴിമതി നടക്കാതിരിക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്താനും, വകുപ്പുതല റിസ്ക് ഓഡിറ്റുകൾ, സർക്കാർ നടപടിക്രമങ്ങൾ ലളിതമാക്കൽ, സുതാര്യമായ പർച്ചേസ് സംവിധാനങ്ങൾ, ഉദ്യോഗസ്ഥരുടെ റൊട്ടേഷൻ-നിരീക്ഷണ സംവിധാനങ്ങൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ വിശ്വാസ്യത വിലയിരുത്തുന്ന ഇന്റഗ്രിറ്റി ഇൻഡക്സിംഗ് സംവിധാനം എന്നിവ നടപ്പിലാക്കാനും പദ്ധതിയിടുന്നു. ആരോപണവിധേയരായ ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ നിലവിൽ സൂക്ഷിക്കുന്ന VACB ഡോസിയർ ലിസ്റ്റ് മറ്റ് വകുപ്പുകളുമായി പങ്കുവെക്കപ്പെടാറില്ല. ഇതിന്റെ ഫലമായി, അത്തരം ഉദ്യോഗസ്ഥർ പലപ്പോഴും സുപ്രധാനവും അതീവ സെൻസിറ്റീവുമായ തസ്തികകളിൽ നിയമിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നു. ഇതൊഴിവാക്കാൻ സത്യസന്ധതയെയും, ഔദ്യോഗിക കൃത്യവിലോപത്തെയും കുറിച്ച് പരാതികളോ സംശയങ്ങളോ നിലനിൽക്കുന്ന ഗസറ്റഡ് ഉദ്യോഗസ്ഥരെ

ഉൾപ്പെടുത്തി, ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ചശേഷം ഒരു "Agreed List" ഉം "Officers of Doubtful Integrity (ODI)" പട്ടികയും തയ്യാറാക്കി പരിപാലിക്കാനും പദ്ധതിയിടുന്നു.

ഡിജിറ്റൽ വിജിലൻസിന്റെ ഭാഗമായി, ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും, നിർമ്മിത ബുദ്ധി അടിസ്ഥാനമാക്കിയുള്ള പരാതി വിശകലനം, സംശയാസ്പദ ഇടപാടുകളുടെ ഡാറ്റാ അനലിറ്റിക്സ്, റിസ്ക് മാപ്പിംഗ്, ഡിജിറ്റൽ ഡാഷ്ബോർഡുകൾ, ഓട്ടോമേറ്റഡ് മുന്നറിയിപ്പ് സംവിധാനങ്ങൾ തുടങ്ങിയവ ഇതിനായി ഉപയോഗപ്പെടുത്തുകയും, കൂടാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഡിജിറ്റൽ പരാതി സംവിധാനവും, QR കോഡ് അടിസ്ഥാനമാക്കിയ റിപ്പോർട്ടിംഗ്, ഏകീകൃത കേസ് മാനേജ്മെന്റ് സംവിധാനം, റിയൽ ടൈം നിരീക്ഷണം, പ്രത്യേക സൈബർ വിജിലൻസ് യൂണിറ്റ് എന്നിവയും സജ്ജമാക്കും.

പാർട്ടിസിപ്പേറ്റീവ് വിജിലൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി, പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് മൊബൈൽ ആപ്പും വെബ് പോർട്ടലും ഉൾപ്പെടുന്ന പരാതി പരിഹാര സംവിധാനങ്ങൾ ഏർപ്പെടുത്തും. ഇതിലേക്കായി സിറ്റിസൺ-സെൻട്രിക് കമ്പ്ലെയിന്റ് മാനേജ്മെന്റ് സിസ്റ്റം (C3MS) എന്ന പേരിൽ ഒരു സോഫ്റ്റ്‌വെയർ പ്ലാറ്റ്ഫോം വികസിപ്പിക്കാൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നു. പരാതിക്കാരുടെ സ്വകാര്യതയും, വ്യക്തിഗത വിവരങ്ങളും സംരക്ഷിക്കുന്നതിനുള്ള സംവിധാനങ്ങളും ഇതിൽ ഉൾപ്പെടുത്തും. പരാതികളോടൊപ്പം ചിത്രങ്ങൾ, ശബ്ദരേഖകൾ, വീഡിയോകൾ തുടങ്ങിയ അനുബന്ധ തെളിവുകൾ സമർപ്പിക്കാനാകും. പൊതുജനങ്ങളുടെ വിശ്വാസവും, സുതാര്യതയും വർധിപ്പിക്കുന്നതിനായി പരാതി-ട്രാക്കിംഗ് സംവിധാനവും, ഫീഡ്ബാക്ക് സംവിധാനവും ഇതിൽ ഉൾപ്പെടുത്തുന്നതാണ്. കൂടാതെ, പരാതികളുടെ ആഴത്തിലുള്ള വിശകലനത്തിനായി നിർമ്മിത ബുദ്ധി (AI) സാങ്കേതികവിദ്യ സംയോജിപ്പിക്കുന്നതും ഇതിന്റെ ലക്ഷ്യങ്ങളിലൊന്നാണ്. ഇതിലൂടെ അഴിമതിസാധ്യതകളുടെ ഹീറ്റ് മാപ്പുകൾ തയ്യാറാക്കുകയും അഴിമതിപ്രവർത്തനങ്ങളിൽ സംശയിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ ഇന്റഗ്രിറ്റി റിസ്ക് പ്രൊഫൈൽ സൃഷ്ടിക്കുകയും ചെയ്യാൻ സാധിക്കും.

പരാതിക്കാരുടെ വ്യക്തിവിവരങ്ങൾ വെളിപ്പെടുത്താതെ തന്നെ പരാതി നൽകാനുള്ള സംവിധാനവും, വിസിൽ ബ്ലോവർ സംരക്ഷണവും ഇതിൽ ഉറപ്പ് വരുത്തും. സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തി ഒരു കമ്മ്യൂണിറ്റി വിജിലൻസ് ശൃംഖലയും, സോഷ്യൽ മീഡിയ ബോധവത്കരണ കാമ്പയിനുകളും, ക്യാമ്പസുകളിൽ ആന്റി-കറപ്ഷൻ ക്ലബ്ബുകളും, യുവജന പങ്കാളിത്ത പദ്ധതികളും നടപ്പാക്കും അഴിമതി സംബന്ധമായ വിവരങ്ങൾ പങ്കുവയ്ക്കുന്നവർക്ക് പാരിതോഷികങ്ങളും, സത്യസന്ധതയെ പ്രോത്സാഹിപ്പിക്കുന്നതിനായി "വിജിലൻസ് അവാർഡ്" നൽകുന്നതിനും ഈ പദ്ധതിയുടെ ഭാഗമായി ആലോചിക്കുന്നു. കൈക്കൂലി വാങ്ങുന്നത് ഒരു സാമൂഹിക അപമാനമാണെന്ന മൂല്യബോധം സർക്കാർ ഉദ്യോഗസ്ഥരിൽ ഉണ്ടാക്കിയെടുക്കുന്നതിനും, ഉദ്യോഗസ്ഥരിൽ അഭിമാനബോധം വളർത്തുന്നതും ഈ പദ്ധതിയുടെ ഭാഗമാണ്.

"പ്രോജക്റ്റ് സീറോ" അഴിമതിക്കെതിരെയുള്ള ഒരു പദ്ധതി മാത്രമല്ല, അഴിമതിക്കെതിരായ ഒരു സാമൂഹിക മുന്നേറ്റമാണ്. ആയതിനായി സർക്കാർ സംവിധാനങ്ങളും പൊതുജനങ്ങളും കൈകോർത്തുകൊണ്ട് അഴിമതിരഹിത കേരളം എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കാവുന്നതാണ്.

**(ബി)** അഴിമതി വിമുക്ത കേരളം എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി വിജിലൻസ് വകുപ്പിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** അഴിമതി വിമുക്ത കേരളം എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി വിജിലൻസ് വകുപ്പിൽ താഴെ പറയുന്ന മാറ്റങ്ങൾ വരുത്താൻ ലക്ഷ്യമിടുന്നു.

**1. വിജിലൻസ് മാനവൽ പരിഷ്കരണം**

അഴിമതി നിരോധന നിയമങ്ങളിലും അവയുടെ പ്രവർത്തനപരമായ നിയമപരിധികളിലും സമീപകാലത്ത് കാര്യമായ മാറ്റങ്ങൾ വന്നിട്ടുണ്ട്. ഈ പുതിയ നിയമ വ്യവസ്ഥയുമായി പൊരുത്തപ്പെടുന്നതിന് വിജിലൻസ് ബ്യൂറോ അതിന്റെ ഭരണപരമായ നടപടിക്രമങ്ങളിലും കാഴ്ചപ്പാടുകളിലും മാറ്റം വരുത്തേണ്ടതുണ്ട്. VACB-യുടെ ഭരണപരവും അന്വേഷണാത്മകവുമായ നടപടിക്രമങ്ങൾ അതിന്റെ വിജിലൻസ് മാനവൽ അടിസ്ഥാനമാക്കിയായതിനാൽ, ഇതിൽ സമഗ്രമായ ഒരു പരിഷ്കരണം ആവശ്യമാണ്. പുതിയതായി നിർദ്ദേശിച്ചിട്ടുള്ള വിജിലൻസ് മാനവൽ, മറ്റ് സർക്കാർ വകുപ്പുകളുമായി ഏകോപിപ്പിച്ച് അഴിമതിവിരുദ്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഭരണപരവും നിയമപരവുമായ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കും. ഈ പരിഷ്കരണം 2018-ലെ അഴിമതി നിരോധന (ഭേദഗതി) നിയമം, അതിനുശേഷമുള്ള വിവിധ കോടതി വിധികൾ എന്നിവയുമായി പൂർണ്ണമായ വ്യക്തതയും പൊരുത്തവും ഉറപ്പാക്കുന്നു.

**2. പി.സി ആക്ട് സെക്ഷൻ 17-A, 19 എന്നിവയ്ക്ക് കീഴിലുള്ള അപേക്ഷകൾക്കായി ഏകജാലക ക്ലിയറൻസ് പോർട്ടൽ**

അഴിമതി നിരോധന നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം, ഒരു പൊതുസേവകൻ തന്റെ ഔദ്യോഗിക ചുമതലകളുടെ ഭാഗമായി എടുത്ത തീരുമാനവുമായി ബന്ധപ്പെട്ടതാണ് ആരോപിക്കപ്പെടുന്ന കുറ്റമെങ്കിൽ, അയാൾക്കെതിരെ അന്വേഷണമോ (enquiry) കസ്റ്റഡിയിലെടുത്തുള്ള അന്വേഷണമോ (investigation) ആരംഭിക്കുന്നതിന് മുൻപ് പോലീസിന് ഈ നിയമത്തിലെ സെക്ഷൻ 17-എ (Section 17-A) പ്രകാരമുള്ള മുൻകൂർ അനുമതി വാങ്ങൽ നിർബന്ധമാണ്.

കൂടാതെ, അഴിമതി നിരോധന നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങളിൽ ഒരു കോടതിക്ക് നിയമനടപടികൾ സ്വീകരിക്കണമെങ്കിൽ (cognizance), ആ പൊതുസേവകനെ പദവിയിൽ നിന്ന് നീക്കം ചെയ്യാൻ അധികാരമുള്ള അതോറിറ്റി സെക്ഷൻ 19 (Section 19) പ്രകാരം വിചാരണയ്ക്കുള്ള അനുമതി (prosecution sanction) നൽകേണ്ടതുണ്ട്. നിലവിലുള്ള നിയമമനുസരിച്ച്, ഈ രണ്ട് അനുമതികളുടെ കാര്യത്തിലും ബന്ധപ്പെട്ട അതോറിറ്റി 3 മാസത്തിനകം തീരുമാനം അറിയിക്കേണ്ടതുണ്ട്. രേഖാമൂലം കാരണങ്ങൾ വ്യക്തമാക്കിക്കൊണ്ട് ഈ കാലാവധി ഒരു മാസം കൂടി നീട്ടാവുന്നതുമാണ് (പരമാവധി 4 മാസം). അഴിമതിയെക്കുറിച്ച് അറിവുള്ളവരും കോടതിയെ സമീപിക്കാൻ ആഗ്രഹിക്കുന്നവരുമായ പൊതുജനങ്ങൾക്ക് കോടതിയിൽ നിന്ന് അനുകൂല ഉത്തരവ് ലഭിക്കുന്നതിന് പ്രസ്തുത അനുമതികൾ ആവശ്യമാണ്. എന്നാൽ ഈ അനുമതികൾക്കായി ഏത് ഓഫീസിനെയാണ് സമീപിക്കേണ്ടതെന്ന് മനസ്സിലാക്കാൻ സാധാരണക്കാർക്ക് നിലവിൽ ബുദ്ധിമുട്ടാണ്. ഇതിന് പരിഹാരമായി, അന്വേഷണ ഏജൻസികൾക്കും പൊതുജനങ്ങൾക്കും ഒരുപോലെ ഉപയോഗിക്കാവുന്ന ഒരു ഏകജാലക ഓൺലൈൻ പോർട്ടൽ (Single-Window Online Portal) വിജിലൻസ് നിർദ്ദേശിക്കുന്നു. ഇത് അനുമതികൾ നൽകുന്ന പ്രക്രിയ നിരീക്ഷിക്കുന്നതിനും നിയമപരമായ സമയപരിധിക്കുള്ളിൽ അവ ലഭ്യമാക്കുന്നതിനും സഹായിക്കും. ഇത് അഴിമതിവിരുദ്ധ പ്രവർത്തനങ്ങൾക്ക് വലിയ ഊർജ്ജം നൽകും.

കൂടാതെ, നിരസിക്കപ്പെടുന്ന അപേക്ഷകൾ പുനഃപരിശോധിക്കുന്നതിനായി ഒരു ഔദ്യോഗിക അവലോകന സംവിധാനവും (Review Mechanism) നിർദ്ദേശിക്കുന്നു. ചീഫ് സെക്രട്ടറി, വിജിലൻസ് ഡയറക്ടർ, ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി എന്നിവരടങ്ങുന്ന ഉന്നതതല സമിതി ഈ നിരസിക്കലുകൾ കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് ആവശ്യമായ ശുപാർശകൾ നൽകും.

**3. കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കാനുള്ള പ്രത്യേക ഡ്രൈവ്**

നിലവിലുള്ള അന്വേഷണങ്ങളെയും പരിശോധനകളെയും തടസ്സപ്പെടുത്തുന്ന രീതിയിൽ വിവിധ അധികാരികളുടെ പക്കൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിനായി, അഴിമതി നിരോധന നിയമത്തിലെ സെക്ഷൻ 17-A, 19 എന്നിവയ്ക്ക് കീഴിലുള്ള ഫയലുകൾ വേഗത്തിൽ തീർപ്പാക്കാൻ വിജിലൻസ് 100 ദിവസത്തെ പ്രത്യേക ക്ലിയറൻസ് ഡ്രൈവ് നടപ്പിലാക്കും.

**4. ഇന്റേണൽ വിജിലൻസ് പോർട്ടൽ**

വിവിധ വീഴ്ചകളുടെ പേരിൽ വകുപ്പുകൾ ഉദ്യോഗസ്ഥർക്കെതിരെ നിരവധി അച്ചടക്ക നടപടികൾ സ്വീകരിക്കാറുണ്ട്. ഇവയിൽ പല അന്വേഷണങ്ങൾക്കും ഒരു വിജിലൻസ് വശം (Vigilance angle) ഉണ്ടാകാറുണ്ട്. വകുപ്പുതല അന്വേഷണങ്ങളുമായി ബന്ധപ്പെട്ട ഈ വിവരങ്ങൾ കേന്ദ്രീകരിക്കുന്നത് അഴിമതിക്കാരായ പൊതുസേവകരെക്കുറിച്ച് രഹസ്യാന്വേഷണം നടത്തുന്നതിനും വിജിലൻസ് ബ്യൂറോയുടെ പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കുന്നതിനും വളരെയധികം സഹായിക്കും.

നിലവിൽ, പല ഉദ്യോഗസ്ഥരും മറ്റ് വകുപ്പുകളിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നതിനാൽ, വകുപ്പുകൾക്കിടയിൽ നടക്കുന്ന ആഭ്യന്തര അച്ചടക്ക നടപടികളെക്കുറിച്ച് സർക്കാരിന്റെ പക്കൽ ഒരു ഏകീകൃത ഡാറ്റാബേസ് ഇല്ല. ഈ കുറവ് പരിഹരിക്കുന്നതിനായി ഒരു ഇന്റേണൽ വിജിലൻസ് പോർട്ടൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. വിജിലൻസ് വശമുള്ള ആരോപണങ്ങൾ നേരിടുന്ന പൊതുസേവകരെ നിരീക്ഷിക്കുന്നതിന് ഈ പോർട്ടൽ ആഭ്യന്തര വിജിലൻസിന്റെ ഒരു പ്രധാന ടൂളായി മാറും.

ഭാവിയിൽ, ഈ പോർട്ടലിന്റെ വ്യാപ്തി വർദ്ധിപ്പിച്ച്, ഉദ്യോഗസ്ഥർക്ക് തങ്ങളുടെ ദൈനംദിന ഔദ്യോഗിക പ്രവർത്തനങ്ങൾക്കിടയിൽ കാണുന്ന അഴിമതികളെക്കുറിച്ച് ഐഡന്റിറ്റി സംരക്ഷണത്തോടെ (രഹസ്യമായി) സുരക്ഷിതമായി റിപ്പോർട്ട് ചെയ്യാനുള്ള ഒരു പ്ലാറ്റ്ഫോമായി ഇതിനെ മാറ്റാവുന്നതാണ്.

**5. പരിശീലന പരിപാടികൾ**

വകുപ്പുതല ആഭ്യന്തര വിജിലൻസ് യൂണിറ്റുകൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. അഴിമതി നിരോധന നിയമങ്ങൾ, ധനകാര്യ ചട്ടങ്ങൾ, ഔദ്യോഗിക പെരുമാറ്റച്ചട്ടങ്ങൾ എന്നിവയെക്കുറിച്ച് അവർക്ക് കൃത്യമായ അറിവുണ്ടായിരിക്കണം. ഇതിനായി വിവിധ വകുപ്പുകളിലെ ആഭ്യന്തര വിജിലൻസ് ഉദ്യോഗസ്ഥർക്കായി വിജിലൻസ് ബ്യൂറോയുടെ നേതൃത്വത്തിൽ ത്രൈമാസ പരിശീലന പരിപാടി സംഘടിപ്പിക്കും.

**6. ഡിജിറ്റൽ ഡാറ്റാബേസ് ലഭ്യത (PEARL, SPARK പോർട്ടലുകൾ)**

പൊതുസേവകരുടെ അനധികൃത സ്വത്ത് സമ്പാദനത്തെക്കുറിച്ച് (Disproportionate Assets) വലിയ തോതിലുള്ള അന്വേഷണങ്ങൾ വിജിലൻസ് നടത്താറുണ്ട്. ഭൂമി രജിസ്ട്രേഷൻ വിവരങ്ങൾ ഈ അന്വേഷണങ്ങളിലെ ഒരു പ്രധാന ഘടകമാണ്.

കൂടാതെ പൊതുസേവകരുടെ സ്വത്ത് വിവരങ്ങൾ ഓൺലൈനായി സമർപ്പിക്കുന്നതും ശമ്പള വിവരങ്ങൾ കൈകാര്യം ചെയ്യുന്നതും SPARK സോഫ്റ്റ്‌വെയർ വഴിയാണ്. അതിനാൽ, രജിസ്ട്രേഷൻ വകുപ്പിന്റെ PEARL പോർട്ടലിലേക്കും SPARK ഡാറ്റാബേസിലേക്കും വിജിലൻസിന് നേരിട്ട് പ്രവേശനം (Access) നൽകുന്നത് അന്വേഷണങ്ങളിലെ കാലതാമസം ഒഴിവാക്കാനും നടപടികൾ വേഗത്തിലാക്കാനും സഹായിക്കും.

**(സി)** വിജിലൻസ് വകുപ്പിലെ ജീവനക്കാരുടെയും വാഹനങ്ങളുടെയും കുറവ് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിലെ മിനിസ്റ്റീരിയൽ, എക്സിക്യൂട്ടീവ്, ടെക്നിക്കൽ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനും കൂടുതൽ തസ്തികകൾ അനുവദിക്കുന്നതിനും വാഹനങ്ങൾ വാങ്ങുന്നതിനുള്ള അനുമതിക്കായും സർക്കാരിലേയ്ക്ക് വിജിലൻസ് ഡയറക്ടർ ലഭ്യമാക്കിയ ശിപാർശകൾ സർക്കാരിന്റെ പരിശോധനയിലാണ്.

**സെക്ഷൻ ഓഫീസർ**